തുറന്നുപ്രവർത്തിക്കുന്ന കാര്യം അത്രയെളുപ്പമുള്ളതല്ല. എങ്കിലും ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

(16) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 13-4-1999-ൽ ഇറക്കിയ ഉത്തരവ് സംബന്ധിച്ച്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ അയച്ച പലർക്കും സംവരണത്തിന്റെ ആനുകൂല്യം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. പിന്നോക്കക്കാരായ ഉദ്യോഗസ്ഥന്മാരുടെ മക്കൾക്കാണ് ഈ ആനുകൂല്യം നഷ്ടപ്പെടുന്നത്. 13-4-1999-ൽ സർക്കാർ ഇറക്കിയ ഉത്തരവനുസരിച്ച് ഉദ്യോഗസ്ഥന്റെ വാർഷിക വരുമാനം കണക്കാക്കാൻ പഴയ നിരക്കിലുള്ള ശമ്പളം കണക്കിലെടുക്കാൻ മതിയെന്നാണ്. എന്നാൽ ഈ ഉത്തരവിറക്കുന്നതിനുമുമ്പ് എൻട്രൻസിന് അപേക്ഷ സമർപ്പിച്ച സംവരണത്തിനർഹരായവർക്ക് ഇത് നഷ്ടപ്പെടുന്നു. അതേസമയം താമസിച്ച് അപേക്ഷിച്ച കുട്ടികൾക്ക് മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരുടെ രക്ഷിതാക്കൾ പുതിയനിരക്കിലുള്ള ശമ്പളം വാങ്ങിക്കൊണ്ടിരുന്നവർ ഉണ്ടെങ്കിലും പഴയ നിരക്കിലുള്ള ശമ്പളത്തിന്റെയടിസ്ഥാനത്തിൽ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ലഭിച്ചതുകാരണം സംവരണാനുകൂല്യം ലഭിക്കുകയും ചെയ്തു. നേരത്തെ അപേക്ഷിച്ചു പോയവർക്കുകൂടി സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ കെ.പി.സി.ആർ. ആനുകൂല്യങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ വരുമാന പരിധി പുതുക്കി നിശ്ചയിച്ചത് 13-4-1999-ലാണ്. പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാഫോറം കമ്മീഷണറുടെ കാര്യാലയത്തിൽ വിതരണം ചെയ്തു തുടങ്ങിയത് 19-4-1999-ലാണ്. പൂരിപ്പിച്ച അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി 12-5-1999-ൽ ആയിരുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ആരുംതന്നെ അപേക്ഷ സമർപ്പിച്ചിരിക്കാൻ സാദ്ധ്യതയില്ലാത്തതും 13-4-1999-ലെ ഉത്തരവനുസരിച്ചുള്ള നിർദ്ദേശങ്ങൾ പാലിക്കാനാവശ്യമായ സമയം ലഭിച്ചിരുന്നതുമാണ്. ഇനി ആർക്കെങ്കിലും ഇതിന്റെ ആനുകൂല്യം നഷ്ടപ്പട്ടുവെങ്കിൽ ആ ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(17) കാസർഗോഡ് - കണ്ണൂർ ജില്ലകളിൽ ഉണ്ടായ വെള്ളപ്പൊക്കം

മി. സ്പീക്കർ : അടുത്തത് കൂട്ടായ സബ്മിഷൻ ആണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രതീക്ഷിച്ചിരിക്കാതുണ്ടായ വെള്ളപ്പൊക്കത്തിൽ ജീവഹാനിയും നാശനഷ്ടവും ഉണ്ട്. അത് സംബന്ധിച്ച് മന്ത്രിക്ക് മുൻകൂട്ടി നോട്ടീസ് കൊടുക്കാൻ പറ്റുകയില്ലല്ലോ? നോട്ടീസ് ഈ അടുത്ത സമയത്തൊക്കെ കിട്ടിയതേയുള്ളൂ. അതിന് നോട്ടീസ് നൽകിയിട്ടുള്ളത് ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. കെ.പി. സതീശ് ചന്ദ്രൻ, ശ്രീ. പി. രാഘവൻ, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്), ശ്രീ. കെ.സി. ജോസഫ്, ശ്രീ. എം.വി.

LIBRARY ARCHIVES Kerala Legislative Assembly

ഗോവിന്ദൻ മാസ്റ്റർ എന്നീ അംഗങ്ങളാണ്. കിട്ടിയ റിപ്പോർട്ടു വച്ചുകൊണ്ട് മന്ത്രിക്ക് മറുപടി പറയാമല്ലോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പറയാം.

മി. സ്പീക്കർ : ശ്രീ. സി.ടി. അഹമ്മദ് അലിക്ക് പ്രത്യേക സമയം വേണോ? മന്ത്രി പറയട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്നതല്ല. റൂൾ 304 അനുസരിച്ച് ഏതെങ്കിലും ഒരു മെമ്പർ സബ്മിഷൻ ഉന്നയിച്ചതിനുശേഷമേ മന്ത്രി മറുപടി പറയാവൂ. അതുകൊണ്ട് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിക്കുന്നതാണ് ശരി.

മി. സ്പീക്കർ : നോട്ടീസുകളെല്ലാം മന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ശ്രീ. സി.ടി. അഹമ്മദ് അലി.....

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് അങ്ങോളമിങ്ങോളം പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിലെ കാര്യങ്ങോട് പുഴ, ചന്ദ്രഗിരിപ്പുഴ എന്നിവ നിറഞ്ഞുകവിഞ്ഞൊഴുകുകയാണ്. താഴ്ന്ന പ്രദേശങ്ങൾ മുഴുവൻ വെള്ളത്തിനടിയിലാണ്. കഴിഞ്ഞയാഴ്ച ഞാൻ പ്രതിനിദാനം ചെയ്യുന്ന കാസർഗോഡ് നിയോജകമണ്ഡലത്തിൽ കൊയ്പ്പാടിയിൽ തോണി അപകടം മൂലം രണ്ടുപേർ മരണപ്പെടുകയുണ്ടായി. കഴിഞ്ഞ രണ്ട് ദിവസത്തിന് മുമ്പ് മഞ്ചേശ്വരത്ത് തോണി അപകടത്തിൽ അഞ്ചുപേർ മരിച്ചു. ഈ അടുത്ത ദിവസങ്ങളിലായി രണ്ടായിരത്തിൽപ്പരം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വന്നിട്ടുണ്ട്. ആയിരക്കണക്കിന് വീടുകൾ പൂർണ്ണമായും ഭാഗീകമായും തകർന്നിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി ചെയ്യേണ്ട ചില കാര്യങ്ങൾ, അതായത് മരിച്ചവരുടെ ആശ്രിതർക്ക് എത്രയും പെട്ടെന്ന് സാമ്പത്തിക സഹായം നൽകണം. മരിച്ചവരെല്ലാം പാവപ്പെട്ട ആൾക്കാരാണ്, മത്സ്യത്തൊഴിലാളികളാണ്. അതുകൊണ്ട് അടിയന്തിരമായി അവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം എത്തിക്കണം. കൂടാതെ ആ മേഖലയിലുള്ളവരെ ഇപ്പോൾ പല സ്ഥലങ്ങളിലാണ് താമസിപ്പിച്ചിരിക്കുന്നത്. ഈ അടുത്ത കാലത്തൊന്നും അവർക്കു ജോലി ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് അടിയന്തിരമായി ആ മേഖലയിലാകെ സൗജന്യ റേഷൻ നൽകണം. അതോടൊപ്പം കടലാക്രമണംമൂലം പല വീടുകളും തകർന്നുകൊണ്ടിരിക്കുന്നു. റോഡുകൾ നശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് കടലാക്രമണം തടയുവാനുള്ള നടപടി സ്വീകരിക്കണം. പകർച്ചവ്യാധികൾ തടയുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. അവിടെ ഒരു സ്പീഡ് ബോട്ട് ഇല്ല. അവിടെയൊക്കെ തുരുത്താണ്. ഐലന്റിലുള്ള ആളുകളെ രക്ഷിക്കാൻ കഴിയണമെങ്കിൽ അവിടെ ബോട്ടു വേണം. പാതിരാത്രിയിലൊക്കെയാണ് വെള്ളം വീടുമുഴുവൻ നിറഞ്ഞുകവിയുന്നത്. അവിടെ ബോട്ട് ഇല്ലാത്തതുകൊണ്ട് ആളുകളെ പുഴ കടത്താൻ കഴിയുന്നില്ല. ഇങ്ങനെ പലരും മരിക്കേണ്ടെയവസ്ഥയുണ്ടാകുന്നു. അതുകൊണ്ട് ഒന്നുകിൽ സ്ഥിരമായ ഒരു ബോട്ട് ഉണ്ടാകണം, അല്ലെങ്കിൽ തൽക്കാലം വാടകയ്ക്കെങ്കിലുമെടുക്കാൻ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഈ പ്രദേശങ്ങളിലെ നാശനഷ്ടങ്ങൾ കണക്കാക്കി അവർക്കാവശ്യമായ അടിയന്തിര സഹായമെത്തിക്കാൻ, അതായത് സൗജന്യറേഷൻ ആ മേഖലയിൽ കുറെ ദിവസത്തേക്കെങ്കിലും കൊടുക്കേണ്ടിവരും. പല ആളുകളും പല ക്യാമ്പുകളിലാണ് താമസിച്ചുവരുന്നത്. അതുകൊണ്ട് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

742/2010.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതു സംബന്ധിച്ച് ശ്രീ. കെ.പി. സതീശ് ചന്ദ്രൻ, ശ്രീ. പി. രാഘവൻ, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്), ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കെ.സി. ജോസഫ്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, കാസർഗോഡ് ജില്ലയിൽക്കൂടി കാര്യംകോട്, ചന്ദ്രഗിരി, മുക്ലാൽ, ഷിരിഗ, ഉപ്പള, ബടാജി, കുമ്പള എന്നീ ഏഴ് നദികൾ ഒഴുകുകയാണ്. ഈ നദികൾ കരകവിഞ്ഞൊഴുകുന്നതിനെ തുടർന്ന് ഇതിന്റെ കരയോട് ചേർന്നുകിടക്കുന്ന സമീപ പ്രദേശങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. ആയിരത്തി അഞ്ഞൂറോളം കുടുംബങ്ങളെ ചന്ദ്രഗിരിപ്പുഴയുടെ കരയിൽനിന്നും നൂറ്റിയമ്പതോളം കുടുംബങ്ങളെ ഷിരിഗ പുഴയുടെ കരയിൽനിന്നും നൂറ്റിയമ്പതോളം കുടുംബങ്ങളെ സമീപപ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. തൊട്ടടുത്തുള്ള വീടുകളും താമസിക്കാൻ സൗകര്യമുള്ള ബന്ധുക്കളുടെ വീടുകളുമായിട്ടുള്ള ക്യാമ്പുകളാണ് അവിടെ സംഘടിപ്പിച്ചിട്ടുള്ളത്. കാരണം അങ്ങനെയല്ലാത്ത ക്യാമ്പുകളിലേയ്ക്ക് അവർ പോകാനും തയ്യാറല്ല. രണ്ടായിരത്തോളം ആളുകളെ വിവിധ വീടുകളിലേയ്ക്ക് മാറ്റിതാമസിപ്പിച്ചിട്ടുണ്ട്. ഇവിടെ റിലീഫ് ക്യാമ്പുകൾ തുടങ്ങേണ്ട ആവശ്യമുണ്ടെങ്കിൽ ഏതു സമയത്തും തുടങ്ങുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചവർക്ക് ഭക്ഷണത്തിനാവശ്യമായ സൗകര്യങ്ങൾ നിർവഹിച്ചുകൊടുക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രണ്ടായിരത്തോളം ഹെക്ടർ നെൽപ്പാടങ്ങൾ ഇപ്പോൾ വെള്ളത്തിനടിയിലാണ്. പ്രാഥമിക കണക്കുകളുടെയടിസ്ഥാനത്തിൽ അമ്പത് ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അവിടെ കാഞ്ഞങ്ങാട് ആശുപത്രിയിൽ ഒരു സ്റ്റാഫ് നഴ്സ് 17-ാം തീയതി മരിച്ചു. ആത്മഹത്യയാണെന്ന് ചിലർ പറഞ്ഞെങ്കിലും കാലവർഷത്തിന്റെ തീഷ്ണതയിലാണ് മരിച്ചതെന്നുള്ളതുകൊണ്ട് ആത്മഹത്യയായിട്ട് കണക്കാക്കേണ്ടതില്ല, കാലവർഷക്കെടുതിയുടെ ഭാഗം തന്നെയാകും. അതുപോലെ രണ്ട്, മൂന്നുപേർ വേറെയും മരിച്ചിട്ടുണ്ട്. ഗോവിന്ദൻ നായ്ക്, അതുപോലെ ഗംഗാനായ്ക് എന്നിവർ പതിനാറും, ഇരുപത്തിനാലും വയസ്സുള്ള രണ്ട് സഹോദരൻമാരാണ്. പിന്നെ ഒരു ചെറിയ കുട്ടി മരിച്ചിട്ടുണ്ട്. ഇപ്പോഴും ആ പ്രദേശങ്ങൾ മുഴുവൻ വെള്ളത്തിനടിയിലാണ്. ഇന്നലെ മഴയ്ക്ക് കുറച്ചാശ്വാസമുണ്ടായിരുന്നെങ്കിലും ഇന്ന് വീണ്ടും മഴയെന്നാണ് അറിഞ്ഞത്. അവിടെ 1770 കുടുംബങ്ങളെയാണ് ഇപ്പോൾ മൊത്തത്തിൽ മാറ്റിതാമസിപ്പിച്ചിട്ടുള്ളത്. പത്ത് വീടുകൾ പൂർണ്ണമായും അമ്പത്തിയഞ്ച് വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. പ്രാഥമികമായ കണക്കുകളാണ്. ഇനിയും കൂടുതൽ ഉണ്ടായേക്കാം. അതുകൊണ്ട് അവിടെ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ തന്നെ ജനപ്രതിനിധികൾ വിവിധ സ്ഥലങ്ങളിൽ നിന്നും വിളിച്ച് കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞാൻ ഉടൻതന്നെ കളക്ടറുമായും മറ്റുദ്യോഗസ്ഥന്മാരുമായും സംസാരിച്ച് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രാഥമികമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ഫണ്ട് മുമ്പുതന്നെ നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയ്ക്ക് ഈ അത്യാവശ്യ സാഹചര്യങ്ങളിൽ കൃഷിനഷ്ടത്തിനും ക്യാമ്പുകളിൽ ഭക്ഷണം കൊടുക്കുന്നതിനും വീട് നഷ്ടപ്പെടുന്നതിനും ആളുകൾ മരിച്ചതിന് സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സഹായം നൽകുന്നതിനായി അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്നുതന്നെ തുക അനുവദിച്ച് ഉത്തരവ് നൽകുകയും ചെയ്യും.

കണ്ണൂർ ജില്ലയിൽ ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ പ്രശ്നത്തെപ്പറ്റി അന്വേഷിച്ചു. അവിടെ കുറെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പത്തു പതിനഞ്ചു വീട്ടുകാരെയാണ് മാറ്റിപ്പാർപ്പിച്ചിട്ടുള്ളത്. ഏതായാലും ഇത്ര ഗുരുതരമല്ല. ചില പ്രദേശങ്ങൾ ഒറ്റപ്പെട്ടിട്ടുണ്ട്. അവിടുത്തെ ജനങ്ങളെ ദുരിതാശ്വാസ ക്യാംപുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വള്ളവും ബോട്ടും ഉപയോഗപ്പെടുത്തി അത്തരം ആളുകളെ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കുന്നുണ്ട്. ആൾ നാശമോ മറ്റൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. അവിടെ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി വളരെ ജാഗ്രതയോടു കൂടി നടപടികൾ സ്വീകരിക്കുകയാണ്. അതിന്റെ പ്രവർത്തനങ്ങളിൽ മുഴുകിയിട്ടുണ്ട്. പാലക്കാട് ശ്രീകൃഷ്ണപുരത്ത് ഒരു സ്ക്കൂൾ കെട്ടിടം തകർന്ന് വീഴാനിടയായ കാര്യം സ്ഥലം എം. എൽ.എ ഇവിടെ പറയുകയുണ്ടായി. അതിന്റെ പുനർ നിർമ്മാണത്തിന് എത്ര രൂപ വേണ്ടി വരുമെന്ന് റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 50,000 ഉറുപ്പിക അതിന് ആവശ്യമായി വരുമെന്നതിന്റെ അടിസ്ഥാനത്തിൽ 50,000 ഉറുപ്പിക അനുവദിച്ചു കൊടുക്കുകയും അതിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചു പുനസ്ഥാപിച്ചു കൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിലേറെ ഉറുപ്പികയുടെ കൃഷിനാശം വരുമെന്നാണ് പറഞ്ഞിട്ടുള്ളത്. കൃഷിനാശത്തിനും ഭാഗികമായി ഉണ്ടായിട്ടുള്ള വീടു നാശത്തിനും സഹായം കോടുക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള എല്ലാ ജില്ലകളിലും കഴിഞ്ഞ മൂന്നു നാലു ദിവസമായി ശക്തിയായ മഴ പെയ്തു കൊണ്ടിരിക്കുകയാണ്. പല സ്ഥലങ്ങളും വെള്ളത്തിലാണ്. കൃഷി നാശമോ ആൾ നാശമോ ഉണ്ടാകുകയാണെങ്കിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും ചേർന്ന് കൊണ്ട് ആശ്വാസ നടപടികൾ എടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു ആക്ഷേപമില്ലാത്ത രീതിയിൽ ആ ജോലികൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. മുൻകൂറായി 25 ലകഷം രൂപാ വീതം ഈ ജില്ലകൾക്ക് നൽകിയിരുന്നതാണ്. ഇത്തരം ഒരു സാഹചര്യത്തിൽ അടിയന്തിര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി മലബാർ മേഖലയിൽ കാസർഗോഡ് ജില്ലയ്ക്ക് 50 ലകഷം രൂപയും മറ്റ് ജില്ലകൾക്ക് 25 ലക്ഷം ഉറുപ്പിക വീതവും അടിയന്തിരമായി അനുവദിക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. യാതൊരു പ്രശ്നവുമില്ലാതെ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.അപ്പോഴപ്പോൾ കിട്ടുന്ന വിവരങ്ങൾ അനുസരിച്ച് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മരിച്ച ആളുകൾക്ക് 30,000 ഉറുപ്പിക വച്ച് സഹായം നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി സാമ്പത്തികസഹായം നൽകുന്നതാണ്. വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും ഭാഗികമായി നഷ്ടപ്പെട്ടവർക്കും കഴിയുന്നതുംവേഗം സാമ്പത്തികസഹായം ചെയ്തു കൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയവർക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങി അത്യാവശ്യകാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഒരുവിധ പ്രശ്നങ്ങളും ആ മേഖലയിൽ ഉണ്ടാവുകയില്ല. ജനപ്രതിനിധികൾ കാര്യമായി ശ്രദ്ധിക്കുകയും വിവരങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്താൽ പരിഹാരം ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly